150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ-മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(ഹാജർ : സി.എ.ലത, ഐ.എ.എസ്)*

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം പിഓ, തിരുവനന്തപുരം- 695 033

**തീയതി:** 12-11-2019

**എൽആർഇ(2)- 100/2019**

വിഷയം : ജീവനക്കാര്യം- കേരള റവന്യൂ സർവ്വീസ്- തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തിക - സ്ഥലംമാറ്റവും പ്രൊമോഷനും അനുവദിച്ച് ഉത്തരവാകുന്നു

വായന :

1) ജി.ഒ(പി)നം.853/80/ആർഡി തീയതി 16.06.1980
2) ജി.ഒ(പി)നം.58/2010/ആർഡി തീയതി 09.02.2010
3) 23.01.2019 ലെ കേരളാ ഗസറ്റ് (അസാധാരണം) നമ്പർ 158 ആയി പ്രസിദ്ധീകരിച്ച 31.12.2018-ലെ എൽആർഇ(2)-32581/18 നമ്പർ നോട്ടിഫിക്കേഷൻ
4) 14.10.2019 ലെ കേരളാ ഗസറ്റ് (അസാധാരണം) നമ്പർ 2435 ആയി പ്രസിദ്ധീകരിച്ച 07.09.2019-ലെ എൽആർഇ(2)-5941/19 നമ്പർ നോട്ടിഫിക്കേഷൻ
5) ഈ കാര്യാലയത്തിൽ നിന്നുള്ള 29.10.2019ലെ എൽആർഇ(2)-100/19 നമ്പർ നടപടിക്രമം
6) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുമ്പാകെയുള്ള ഒഎ(ഇകെഎം)-1186/19 എന്ന കേസിലെ 29.07.2019-ലെയും 14.08.2019-ലെയും ഇടക്കാലഉത്തരവുകൾ
7) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുമ്പാകെയുള്ള ഒഎ-1795/19 എന്ന കേസിലെ 03.09.2019-ലെയും 04.10.2019-ലെയും ഇടക്കാല ഉത്തരവുകൾ
8) 20.06.2019 ലെ റവ-സി2-180/2018 നമ്പർ ഗവ. സർക്കുലർ
9) ഈ കാര്യാലയത്തിൽ നിന്നുള്ള 30.10.2019ലെ എൽആർഇ(2)-100/19 നമ്പർ നടപടിക്രമം

വിവിധ ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനും ഭരണപരമായ സൗകര്യാർത്ഥവും കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന ചുവടെ ചേർത്ത തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | മാറ്റി നിയമിക്കുന്ന ജില്ല | റിമാർക്സ് |
|---|---|---|---|---|
| 1. | ശോഭാ സതീഷ് | തൃശ്ശൂർ | സ്റ്റേറ്റ് ലാൻഡ് ബോർഡ്, തിരുവനന്തപുരം | റീ അലോട്ട്മെന്റ് |

വായന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സപ്ലിമെന്ററി സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട, വായന (6), (7) -ൽ സൂചിപ്പിച്ചിട്ടുള്ള ഒഎ-1186/19, ഒഎ-1795/19 എന്നീ കേസുകളിൽ 4 മുതൽ 8 വരെ എതൃകക്ഷികളായവർക്കും ടി എതൃകക്ഷികളുടെ തത്തുല്യസാഹചര്യത്തിൽ ലിസ്റ്റിൽ

Scanned by CamScanner

ഉൾപ്പെട്ടവർക്കും സ്ഥാനക്കയറ്റം നൽകുന്നതിന് 04-10-2019 മുതൽ 2 മാസത്തേക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ ടിയാൾക്കാരെ താൽക്കാലികമായി ഒഴിവാക്കിക്കൊണ്ട് , വായന (3), (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ട ജീവനക്കാരിൽ അർഹരായവരെ അവരുടെ സീനിയോരിറ്റി ക്രമമനുസരിച്ച് കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ട തഹസിൽദാർ തസ്തികയിലേക്ക് 36600-79200 എന്ന ശമ്പള സ്കെയിലിൽ പ്രൊവിഷണലായി സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. വായന (6), (7) പ്രകാരമുള്ള കേസുകളിലെ അന്തിമവിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം ടി സ്ഥാനക്കയറ്റങ്ങൾ പുനഃപരിശോധിച്ച് ക്രമീകരിക്കുന്നതാണ്.

| ക്രമ നമ്പർ | ഡി.റ്റി/ ജെ.എസ് റാങ്ക് നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ജില്ല |
|---|---|---|---|---|
| 1. | 5245 | മധുസൂദനൻ.കെ | കൊല്ലം | തൃശ്ശൂർ |
| 2. | 5246 | ബിനോയ് ബേബി | കൊല്ലം | കാസറഗോഡ് |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ വായന (1), (2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുടർച്ചയായ 2 വർഷത്തിനുള്ളിലെ ഒരു വർഷക്കാലത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതും ടി നിരീക്ഷണ കാലയളവിനുള്ളിൽ പോലീസ്&മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ഓഫീസർമാർ ടി ജീവനക്കാരെ ഒരു വർഷത്തെ നിരീക്ഷണകാലയളവിനുള്ളിൽ പോലീസ്&മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിർബന്ധമായും നിയോഗിക്കേണ്ടതും ട്രെയിനിംഗിന് നിയോഗിക്കാത്ത കാരണം കൊണ്ട് നിരീക്ഷണകാലം ദീർഘിപ്പിക്കേണ്ടി വരാൻ ഇടയാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പോലീസ്&മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്നവർ റിലിംഗ്വിഷ് ചെയ്യുന്ന പക്ഷം രേഖാമൂലം അപേക്ഷിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ ഓഫീസർമാർ ആയത് അനുവദിക്കുന്ന പക്ഷം ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർറ്റിസി) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കലക്ടർ/ മേലധികാരി മുഖേന)
പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) പ്രിൻസിപ്പൽ സെക്രട്ടറി , റവന്യൂ (സി) വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക് / സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സിഎ
5) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
6) സ്റ്റേറ്റ് ഐ. റ്റി. സെൽ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
7) സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

Scanned by CamScanner